പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്രം അനുവദിച്ച തുക

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3207

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2012-13 വർഷത്തിൽ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്രം എന്ത് തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | 2012-13 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്ര വിഹിതമായി 131117.81 ലക്ഷം രൂപ ലഭിച്ചു. |
| (ബി) | കേന്ദ്രം അനുവദിച്ച തുകയിൽ എന്ത് തുക ചെലവഴിച്ചു; ബാലൻസ് തുക ഉണ്ടോ; എങ്കിൽ എത്ര; ചെലവഴിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | 2012-13 ൽ പദ്ധതിക്ക് ആകെ ലഭ്യമായിരുന്ന 1437.25 കോടി രൂപയിൽ (വിഹിതം, പലിശ, പലവക, മുൻ വർഷ നീക്കിയിരിപ്പ് ഉൾപ്പെടെ) 1419.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 18.00 കോടി രൂപ നീക്കിയിരുപ്പുണ്ടായിരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യാധിഷ്ഠിതമായി തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് വേതനം നൽകി വരുന്നതിനാൽ ധനവിനിയോഗം നടത്താൻ കഴിയാതിരുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012-13 വർഷത്തിൽ ഓരോ ജില്ലയിലും എത്ര രൂപ ചെലവഴിച്ചു; എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പാലക്കാട്ടെ നെൽകൃഷി മേഖലയി ലേക്ക് തൊഴിലുറപ്പ് പദ്ധതി നടപ്പി ലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 പ്രകാരം, നെൽക്കൃഷി പദ്ധതിയിൽ അനുവദനീയമല്ല. നെൽക്കൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവൃത്തികൾ തൊഴിലുറപ്പ് നിയമത്തിന്റെ അംഗീകൃത പ്രവൃത്തിയിനങ്ങളിൽ ഉൾപ്പെടുത്ത ണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രസർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ അനുവാദം ലഭ്യമാക്കിയിട്ടില്ല |
| (ഇ) | തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെ ടുത്ത് നടത്തപ്പെടുന്ന പവൃത്തികൾ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ള തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ഇല്ല |

Sheejk

സെക്ഷൻ ഓഫീസർ

അനുബന്ധം.

2012-13 സാമ്പത്തിക വർഷംചെലവഴിച്ച തുകയുടേയും സൃഷ്ടിച്ച തൊഴിൽദിനങ്ങളുടേയുംവിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ജില്ല | ചെലവഴിച്ച തുക (ലക്ഷത്തിൽ) | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ |
|---|---|---|
| പാലക്കാട് | 11431.3 | 7215861 |
| വയനാട് | 5949.47 | 3385929 |
| ഇടുക്കി | 13277.96 | 7592552 |
| കാസർകോഡ് | 4598.5 | 2806653 |
| ആലപ്പുഴ | 15018.93 | 9431517 |
| എറണാകുളം | 10321.48 | 5806187 |
| കണ്ണൂർ | 5745.15 | 3450264 |
| കൊല്ലം | 11463.38 | 6926465 |
| കോട്ടയം | 5921.82 | 3648923 |
| കോഴിക്കോട് | 10277.65 | 5491875 |
| മലപ്പുറം | 8868.9 | 5433498 |
| പത്തനംതിട്ട | 6279.57 | 3712878 |
| തിരുവനന്തപുരം | 22487.89 | 13031528 |
| തൃശ്ശൂർ | 10282.66 | 5810209 |
| ആകെ | 141924.66 | 83744339 |

Shiyak